**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3033 11.12.2014 -ലെ മറുപടിയ്ക്ക്

**സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നിലനിൽക്കുന്ന പ്രതിസന്ധി**

*ചോദ്യം*
ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ശ്രീ. പി. ശ്രീരാമകൃഷ്ണൻ
ഡോ. കെ. ടി. ജലീൽ
ശ്രീ. കെ. സുരേഷ് കുറുപ്പ്

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ സർവ്വകലാശാലകളിൽ നിലനിൽക്കുന്ന പ്രതിസന്ധി വിദ്യാർത്ഥികളുടെ പഠനത്തെ ദോഷകരമായി ബാധിച്ചിട്ടുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. എന്നാൽ കോഴിക്കോട് സർവ്വകലാശാലയിൽ നടക്കുന്ന സമരം പാഠ്യപ്രവർത്തനങ്ങളെ ബാധിച്ചിട്ടുള്ളതായി സർവ്വകലാശാല അറിയിച്ചിട്ടുണ്ട്. |
| (ബി) | സർവ്വകലാശാലകളിൽ യോഗ്യരായ അദ്ധ്യാപകരുടെ കുറവനുഭവപ്പെടുന്ന കാര്യം അറിവുള്ളതാണോ; ഇത് വിദ്യാർത്ഥികളുടെ അക്കാദമിക് മികവിനെ എങ്ങിനെ ബാധിക്കുമെന്നു വിലയിരുത്തിയിട്ടുണ്ടോ ; | (ബി) | ചില വകുപ്പുകളിൽ യോഗ്യരായ അദ്ധ്യാപകരുടെ കുറവ് അനുഭവപ്പെടുന്നുണ്ട്. |
| (സി) | സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകളിലായി എത്ര അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ടെന്ന് അറിയിക്കാമോ; തസ്തികകൾ എത്ര കാലമായി ഒഴിഞ്ഞുകിടക്കുന്നു; | (സി) | സർവ്വകലാശാലകളിലെ ഒഴിഞ്ഞ് കിടക്കുന്ന അദ്ധ്യാപക തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു<br><br>കേരള സർവ്വകലാശാല – 110<br>(പ്രൊഫ.-26, അസോസിയറ്റ് പ്രൊഫ. -40, അസിസ്റ്റന്റ് പ്രൊഫ.-44)<br><br>എം.ജി. സർവ്വകലാശാല - 24<br>(പ്രൊഫ.-5, അസോസിയറ്റ് പ്രൊഫ. -6 അസിസ്റ്റന്റ് പ്രൊഫ.-13).<br><br>കുസാറ്റ് - 350<br>(പ്രൊഫ.-54, അസോസിയറ്റ് പ്രൊഫ. -78 അസിസ്റ്റന്റ് പ്രൊഫ.-218) |

| | | | |
|---|---|---|---|
| | | | ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല - 37<br>(പ്രൊഫ.-6, അസോസിയറ്റ് പ്രൊഫ. -20 അസിസ്റ്റന്റ് പ്രൊഫ.-11)<br><br>നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് - 3<br>അസോസിയറ്റ് പ്രൊഫ-3 -<br><br>കാലിക്കറ്റ് സർവ്വകലാശാല – 78<br><br>മലയാള സർവ്വകലാശാല - 5<br>(പ്രൊഫ.-2, അസോസിയറ്റ് പ്രൊഫ. - 3)<br><br>കണ്ണൂർ സർവ്വകലാശാല - 58<br>(പ്രൊഫ.-3, അസോസിയറ്റ് പ്രൊഫ. - 11, അസിസ്റ്റന്റ് പ്രൊഫ.-44).<br><br>ചില സർവ്വകലാശാലകളിൽ 1992 മുതൽ അദ്ധ്യാപക തസ്തികകൾ ഒഴിഞ്ഞ് കിടക്കുന്നുണ്ട്. |
| (ഡി) | നിലവിലുള്ള ഒഴിവുകളിൽ നിശ്ചിത യോഗ്യതയുള്ള അദ്ധ്യാപകരെ നിയമിക്കുന്നതു സംബന്ധിച്ച് യു. ജി. സി. യിൽ നിന്നും വല്ല നിർദ്ദേശവും സർവ്വകലാശാലകൾക്കു ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ; | (ഡി) | ഒഴിവുള്ള സ്ഥിരം അദ്ധ്യാപക തസ്തികകളിലേക്ക് അടുത്ത അദ്ധ്യയന വർഷത്തിന് മുൻപായി നിയമനം നടത്തണമെന്ന നിർദ്ദേശം യു ജി സി സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്. |
| (ഇ) | അദ്ധ്യാപക തസ്തികകൾ നിയമനം നടക്കാതെ ഒഴിഞ്ഞു കിടക്കുന്നത് യു. ജി. സി. ഗ്രാന്റ് നിഷേധിക്കുന്നതിന് കാരണമായിട്ടുണ്ടോ? | (ഇ) | ശ്രദ്ധയിൽപെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ